**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1760** **08-02-2023 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റയിലെ എൻ.സി.സി. 5 കേരള ബെറ്റാലിയൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ കൽപ്പറ്റയിലുള്ള എൻ.സി.സി. 5 കേരള ബെറ്റാലിയനിൽ സംസ്ഥാന സർക്കാരിന്റെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇല്ല; സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച്, തസ്തികകൾ സൃഷ്ടിക്കുന്നത് വരെ, പുനർ വിന്യാസം വഴി ജീവനക്കാരെ നിയമിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത ബെറ്റാലിയൻ ആരംഭിച്ചത് എന്നാണെന്നും ജീവനക്കാരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും തസ്തിക തിരിച്ച് അറിയിക്കുമോ; | (ബി) | പ്രസ്തുത ബറ്റാലിയൻ ആരംഭിച്ചത് 15-01-2020 തീയതിയിലാണ്. പുനർ വിന്യാസം വഴി ചുവടെ പറയുന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.<br>ജൂനിയർ സൂപ്രണ്ട് -1<br>ക്ലാർക്ക് - 4<br>ടൈപ്പിസ്റ്റ് - 2<br>ഡ്രൈവർ -1<br>ഓഫീസ് അറ്റൻഡന്റ് -1<br>ലസ്കർ - 2<br>**ആകെ - 11** |
| (സി) | പ്രസ്തുത സ്ഥാപനത്തിൽ വകുപ്പുതല ഓഡിറ്റിംഗിൽ ജീവനക്കാരുടെ നിയമന രീതിയെയും ഫണ്ട് കൈകാര്യം ചെയ്യുന്നതിനെയും സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ